# പതിനാലാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

## ബിവറേജസ് കോർപ്പറേഷനിലെ ലേബലിംഗ് ജീവനക്കാർ

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1100** **10.06.2019-ൽ മറുപടിയ്ക്ക്**

| **ചോദ്യം**<br>**ശ്രീ.എം.വിൻസെന്റ്** | **ഉത്തരം**<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പമന്ത്രി** |
|---|---|
| (എ) ബിവറേജസ് കോർപ്പറേഷനിലെ ലേബലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ എത്ര തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; സ്ഥിരപ്പെടുത്തുന്ന ഏറ്റവും ജൂനിയറായ ഉദ്യോഗസ്ഥന് എത്ര വർഷത്തെ താല്ക്കാലിക സർവ്വീസുണ്ട്; വ്യക്തമാക്കാമോ; | (എ) & (ബി) ഉണ്ട്. 07.06.18-ലെ ജി.ഒ(എം.എസ്) നം.41/18/നി.വ പ്രകാരം 437 പേരെയാണ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ഏറ്റവും ജൂനിയറായ ജീവനക്കാരന് 3 വർഷത്തെ താത്കാലിക സർവ്വീസാണ് ഉള്ളത്. |
| (സി) ഇവരുടെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് എന്തെങ്കിലും കോടതി കേസ് നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (സി) ബഹു.ഹൈക്കോടതിയുടെ 12.02.2015 ലെ W.P(C) No.4570/15 മുതലായ കേസുകളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ലേബലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ മറ്റ് കേസുകൾ നിലവിലില്ല. |
| (ഡി) ജോലിയിൽ സ്ഥിരപ്പെടുത്താത്തതിൽ പ്രതിഷേധിച്ച് ലേബൽ ഒട്ടിക്കുന്ന ജീവനക്കാർ കഴിഞ്ഞ ഈസ്റ്റർ കാലത്ത് ജോലിയിൽ മെല്ലെപ്പോക്ക് നടപ്പിലാക്കിയതിനാൽ കൺസ്യൂമർ ഫെഡ് പോലുള്ള സ്ഥാപനങ്ങൾക്ക് സമയത്ത് മദ്യം നൽകുവാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) കെ.എസ്.ബി.സി എഫ്.എൽ-9 ആലപ്പുഴ വെയർ ഹൗസിൽ നിന്നും മദ്യം വാങ്ങുന്ന കൺസ്യൂമർ ഫെഡറേഷന്റെ ചില്ലറ വില്പനശാലകൾ ഈസ്റ്റർ സീസണിൽ മുൻകൂറായി പണമടച്ചിട്ടും അവർക്ക് വൈകിയാണ് മദ്യം ലഭിച്ചതെന്ന് കണ്ടെത്തുകയുണ്ടായി. കൺസ്യൂമർ ഫെഡറേഷന്റ ചില്ലറ വില്പനശാലകൾക്ക് നൽകാനുള്ള മദ്യക്കുപ്പികളിൽ ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ പതിയ്ക്കുന്നതിന് കാലതാമസം നേരിട്ടതാണ് ഇതിന് |

കാരണം. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.സ്.ബി.സി എഫ്.എൽ-9 ആലപ്പുഴ വെയർ ഹൗസിലെ ലേബലിംഗ് അസിസ്റ്റന്റ്, ലേബലിംഗ് വിഭാഗത്തിലെ അബ്കാരി വർക്കർ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

Santhosh

**സെക്ഷൻ ഓഫീസർ**